(ഡി) കഴിഞ്ഞ വർഷം എത്ര കള്ളുഷാപ്പുകൾ എക്സൈസ് ഉദ്യോഗസ്ഥർ റെയ്ഡ് ചെയ്തു ;

(ഇ) ഈ റെയ്ഡിന്റെ ഫലമായി എത്ര ലിറ്റർ വ്യാജ കള്ള് പിടിച്ചെടുത്തു ;

(എഫ്) കഴിഞ്ഞവർഷം കള്ളുഷാപ്പുകൾ വഴി, വ്യാജ കള്ള് വിറ്റത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ; ഇത്തരം കേസുകൾ ഏറ്റവും കൂടുതലും കുറവും ഉണ്ടായത് ഏത് ജില്ലകളിലാണ് ;

(ജി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വ്യാജമദ്യ വില്പന തടയുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചു വരുന്നു.

**മദ്യ ഉപഭോക്താക്കൾക്ക് പെർമിറ്റ്**

**50 (2763)** ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറുപ്പ് ഉപഭോക്താക്കൾക്ക് ലൈസൻസ് നല്കി നിശ്ചിത കാട്ട അനുവദിച്ച മാതൃകയിൽ മദ്യം ഉപഭോക്താക്കൾക്ക് പെർമിറ്റ് നല്കി, നിശ്ചിത കാട്ട വില ഈടാക്കി, നല്കത്തക്കവിധം മദ്യവിതരണ നയത്തിൽ മാറ്റം വരുത്തുവാനുതകുന്ന ഒരു പദ്ധതി ആവിഷ്കരിക്കുമോ ;

(ബി) സംസ്ഥാനത്തെ എക്സൈസ് വരുമാനത്തിന്റെ ഒരു നിശ്ചിത വിഹിതം മദ്യപാനം കൊണ്ടുണ്ടാകുന്ന രോഗങ്ങൾ ബാധിച്ചവരെ ചികിത്സിക്കുന്നതിലേക്ക് നല്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ ?

ഉത്തരം

(എ) ഉദ്ദേശ്യമില്ല.

(ബി) മദ്യാസക്തിക്കെതിരെ പ്രചരണം നടത്തുന്നതിനും മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനും 23-10-1999-ലെ ജി.ഒ.(എം.എസ്.) 151/99 /റ്റി.ഡി. ഉത്തരവിൻ പ്രകാരം ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

**തൃശ്ശൂർ ഡിവിഷനിലെ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ പ്രിവന്റീവ് ഓഫീസർമാർ**

**51 (2764)** ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ഡിവിഷനിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ പ്രിവന്റീവ് ഓഫീസർമാരുടെ അനുവദിക്കപ്പെടുന്ന തസ്തികകളുടെ എണ്ണം എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഡിവിഷനിൽ നേരിട്ട് നിയമനം നല്കപ്പെട്ട പ്രിവന്റീവ് ഓഫീസർമാരുടെ എണ്ണം എത്രയാണ് ;

(സി) സ്പെഷ്യൽ റൂൾസ് പ്രകാരം നേരിട്ടുള്ള നിയമനം മുഴുവൻ നടത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എപ്പോൾ പൂർത്തിയാകുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 65 (അറുപത്തിയഞ്ച്)

(ബി) 32 (മുപ്പത്തി രണ്ട്)

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

## വ്യാജമദ്യ- കഞ്ചാവ് റെയ്ഡുകൾ

**52 (2765)** ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (1997- ജനുവരി മുതൽ 2000 ജനുവരി വരെ) എത്ര വ്യാജമദ്യ കേസുകൾ രജിസ്റ്റർ ചെയ്തു എന്നും എത്ര ആളുകളെ ശിക്ഷിച്ചു എന്നും വ്യക്തമാക്കാമോ ;

(ബി) കഞ്ചാവു കൃഷിയുമായി ബന്ധപ്പെടുത്തി എത്ര കേസ് രജിസ്റ്റർ ചെയ്തു എന്നും എത്ര പേരെ ശിക്ഷിച്ചു എന്നും വ്യക്തമാക്കാമോ ;

(സി) ഇതിനകം എത്ര വ്യാജമദ്യ-കഞ്ചാവ് റെയ്ഡുകൾ നടത്തി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## കാപ്പാട് റിസോർട്ട്സിന് ബാർ ലൈസൻസ്

**53 (2766)** ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റ് കേന്ദ്രമായ കാപ്പാട്-കാപ്പാട് റിസോർട്ട്സിന് ബാർ ലൈസൻസ് നൽകിയിട്ടുണ്ടോ ;

(ബി) ബാർ ലൈസൻസ് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(സി) വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly